# Frequently Asked Questions

1. **എനിക്ക് എങ്ങനെ ഒരു പുതിയ ഗാർഹിക (14.2 കിലോഗ്രാം / 5 കിലോ സിലിണ്ടർ) പാചകവാതക കണക്ഷൻ ലഭിക്കും? എന്റെ ഏറ്റവും അടുത്തുള്ള പാചകവാതക വിതരണക്കാരൻ എവിടെയാണ്?**

ഗാർഹിക ഉപയോഗത്തിനായുള്ള പാചകവാതകം സാധാരണയായി 14.2 കിലോഗ്രാം ശേഷിയുള്ള സിലിണ്ടറുകളിൽ ലഭ്യമാണ്. 5kg L.P.G Cylinder രാജ്യത്തെ എല്ലാ ഭാഗത്തുള്ള ഗാർഹിക ഉപഭോക്താക്കൾക്കും അവർക്ക് മറ്റൊരു L.P.G കണക്ഷൻ ഇല്ലാത്തപക്ഷം ലഭ്യമാണ്.

താങ്കളുടെ പേരിൽ പൊതുമേഖലാ എണ്ണകമ്പനികളിൽ നിന്നുള്ള എൽ.പി.ജി. കണക്ഷൻ നിലവിൽ ഇല്ലെങ്കിൽ, ഒരു പ്രത്യേക പാചക സ്ഥലം ക്രമീകരിച്ച ശേഷം (അടുക്കള) അപേക്ഷിച്ചാൽ നടപടിക്രമങ്ങൾ അനുസരിച്ച് ഗാർഹിക കണക്ഷൻ ലഭിക്കും. ഒരു ഗാർഹിക കണക്ഷന് താങ്കളുടെ ഐഡന്റിറ്റിയുടെയും താമസത്തിന്റേയും സാധുവായ തെളിവ് ഉൾപ്പെടുത്തി ഗ്യാസ് ഏജൻസിയിൽ രജിസ്റ്റർ ചെയ്യാം. താമസ സ്ഥലത്തിന്റെ തെളിവിനായി ഇനിപ്പറയുന്ന രേഖകളിലൊന്ന് ഹാജരാക്കണം.

| **പ്രമാണങ്ങളുടെ പട്ടിക** | **വിഭാഗം കോഡ്** |
|---|---|
| ആധാർ (യു.ഐ.ഡി.) | POA01 |
| ഡ്രൈവിംഗ് ലൈസൻസ് | POA02 |
| പാട്ടക്കരാർ | POA03 |
| വോട്ടർ ഐ.ഡി. | POA04 |
| ടെലിഫോൺ / വൈദ്യുതി / വാട്ടർ ബിൽ | POA05 |
| പാസ്പോർട്ട് | POA06 |
| ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ സ്വയം പ്രഖ്യാപനം | POA07 |
| റേഷൻ കാർഡ് | POA08 |
| ഫ്ലാറ്റ് അലോട്ട്മെന്റ്/ കൈവശാവകാശ പത്രം | POA09 |
| വീട് രജിസ്ട്രേഷൻ പ്രമാണം | POA10 |
| എൽ.ഐ.സി. പോളിസി | POA11 |
| ബാങ്ക് / ക്രഡിറ്റ് കാർഡ് സ്റ്റേറ്റ്മെന്റ് | POA12 |

**<u>ആക്സസറികൾ / നിക്ഷേപങ്ങൾ :</u>**

ഒരു എൽ.പി.ജി. കണക്ഷൻ റിലീസ് ലഭിക്കുന്നതിന് മുമ്പ്, ഐ.എസ്.ഐ. മാർക്ക് ഉള്ള ഐ.എസ്.:4246 ന് അനുസൃതമായ ഒരു ഹോട്ട്പ്ലേറ്റും (അടുപ്പ്) ഐ.എസ്.:9573 (ടൈപ്പ് IV)

സ്ഥിരീകരിക്കുന്ന ഒരു സുരക്ഷ എൽ.പി.ജി. ഹോസും നിങ്ങളുടെ കൈവശം ഉണ്ടായിരിക്കണം, എങ്കിൽ നിങ്ങളുടെ ഇൻഡെയ്ൻ കണക്ഷൻ ലഭിച്ച ഉടനെ തന്നെ നിങ്ങളുടെ വസതിയിൽ ഇൻസ്റ്റാൾ ചെയ്ത് നൽകുന്നതാണ്. കൂടാതെ സുരക്ഷാ നിക്ഷേപമായി 150/- രൂപ ഒടുക്കേണ്ടതാണ്.

| സിലിണ്ടർ | പ്രഷർ റഗുലേറ്റർ |
|---|---|
| വിലയായി 14.02 കിലോഗ്രാം സിലിണ്ടറിന് 1450/- രൂപ, 5 കിലോഗ്രാം സിലിണ്ടറിന് 800/- രൂപയും ഒടുക്കേണ്ടതാണ്. | 150/- രൂപ |

2) **ഗാർഹിക പാചക വാതക കണക്ഷനുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് ബാധകമായ സ്റ്റാൻഡേർഡ് താരിഫ് നിരക്കുകൾ എന്തൊക്കെയാണ്?**

| Sl. No. | Tariff Head | |
|---|---|---|
| 1. (a) | സിലിണ്ടറിനുള്ള സുരക്ഷാ നിക്ഷേപം (14.2 കിലോഗ്രാം) | 1450 |
| (b) | സിലിണ്ടറിനുള്ള സുരക്ഷാ നിക്ഷേപം (5 കിലോഗ്രാം) | 800 |
| (c) | സിലിണ്ടറിനുള്ള സുരക്ഷാ നിക്ഷേപം (19 കിലോഗ്രാം) | 1700 |
| (d) | LOT Valve-നുള്ള സുരക്ഷാ നിക്ഷേപം | 1500 |
| (e) | സിലിണ്ടറിനുള്ള സുരക്ഷാ നിക്ഷേപം (19 കിലോഗ്രാം) With LOT Valve | 3200 |
| (f) | സിലിണ്ടറിനുള്ള സുരക്ഷാ നിക്ഷേപം (47.5 കിലോഗ്രാം) | 4300 |
| (g) | സിലിണ്ടറിനുള്ള സുരക്ഷാ നിക്ഷേപം (47.5 കിലോഗ്രാം) With LOT Valve | 5800 |
| 2 | മെക്കാനിക് സന്ദർശന നിരക്കുകൾ (ചോർച്ച ഒഴികെ) | |
| | പുതിയ ഗ്യാസ് കണക്ഷൻ കിട്ടുന്ന സമയത്ത് ഗ്യാസ് അടുപ്പ് വൃത്തിയാക്കിയ ശേഷം ചെയ്യേണ്ട പരിശോധന (എൽ.പി.ജി. വിതരക്കാരിൽ നിന്നല്ല അടുപ്പ് വാങ്ങിയതെങ്കിൽ) | 236 |
| | അല്ലെങ്കിൽ | |
| | ഗ്യാസ് അടുപ്പ് വൃത്തിയാക്കിയ ശേഷം ചെയ്യേണ്ട നിർബന്ധിത പരിശോധന (അഞ്ചുവർഷത്തിലൊരിക്കൽ) | |
| | അല്ലെങ്കിൽ | |
| | ഗ്യാസ് അടുപ്പ് സർവ്വീസിംഗിന് | |
| 3 | സുരക്ഷ LPG റബ്ബർ ട്യൂബ് | 1.2 Mtr Rs. 170/-<br>1.5 Mtr Rs. 190/- |

| | | |
|---|---|---|
| 4 | ഉപഭോക്താവിന്റെ പടിവാതിൽക്കൽ പുതിയ കണക്ഷൻ ലഭ്യമാക്കുന്നതിനും സബ്സ്ക്രിപ്ഷൻ വൗച്ചർ തയ്യാറാക്കുന്നതിനുമുള്ള സന്ദർശന/അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജുകൾ (സംസ്ഥാനം ചുമത്തുന്ന സ്റ്റാറ്റ്യൂട്ടറി ചാർജ്ജുകൾ പുറമെ) (ഡിജിറ്റൽ പേയ്മെന്റിലൂടെ ലഭിക്കുന്ന ഓൺലൈൻ കണക്ഷനുകൾക്കും ഷോറൂമുകളിൽ നിന്നും റിലീസ് ചെയ്യുന്ന കണക്ഷനുകളൾക്കും ഇത് ബാധകമല്ല) | 118 |
| 5 | പുതിയ കണക്ഷനുകൾക്കുള്ള ഇൻസ്റ്റലേഷൻ/ഡെമോൺസ്ട്രേഷൻ ചാർജ്ജുകൾ (Single Bottle connection or Double Bottle Connection) / Double Bottle Cylinder നുള്ള ഇൻസ്റ്റലേഷൻ ചാർജ്ജ് | 118 |
| 6 | ഉപഭോക്താവിന്റെ അഭ്യർത്ഥന പ്രകാരം ടെർമിനേഷൻ വൗച്ചർ തയ്യാറാക്കുന്നതിനായി ഉപഭോക്താവിന്റെ സ്ഥലത്ത് നിന്നും നിന്ന് ഉപകരണങ്ങൾ ശേഖരിക്കൽ | 118 |
| | Domestic Gas Customer Card (DGCC) ലഭിക്കുന്നതിനുള്ള അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജുകൾ (DGCC- യുടെ വില ഉൾപ്പെടെ) | 59 |
| 7 | പ്രധാനമന്ത്രി ഉജ്ജ്വല യോജനയിലൂടെ ഗാർഹിക പാചകവാതക കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കൾക്ക് ബാധകമായ നിരക്കുകൾ | |
| | Instalation | 75 |
| | DGCC | 25 |
| | Mandatory Inspection | 59 |

ദയവായി ശ്രദ്ധിക്കുക:- എല്ലാ നിരക്കുകളും ജി.എസ്.ടി. ഉൾപ്പെടെയുള്ളതാണ്.

3) **എനിക്ക് എൽ.പി.ജി. വിതരണക്കാരനിൽ നിന്ന് മാത്രമേ ഒരു ഹോട്ട്പ്ലേറ്റ് (സ്റ്റൗ) വാങ്ങണമെന്ന് നിബന്ധമുണ്ടോ ?**

ഒരു ഉപഭോക്താവിന് ഇഷ്ടമുള്ള ഏത് ഉറവിടത്തിൽ നിന്നും ബി.ഐ.എസ്. അംഗീകൃത സ്റ്റൗ വാങ്ങാം. ഒരു എൽ.പി.ജി. കണക്ഷൻ ലഭിക്കുന്നതിന്, ഒരു ഉപഭോക്താവിന് ഒരു ഐ.എസ്.ഐ. മാർക്ക് ഹോട്ട്പ്ലേറ്റും (അടുപ്പ്) റബ്ബർ ട്യൂബും ഉണ്ടായിരിക്കണം.

4) **എനിക്ക് റീഫിൽ സിലിണ്ടർ ലഭിക്കുമ്പോൾ ഞാൻ എന്തൊക്കെയാണ് പരിശോധിക്കേണ്ടത്?**

നിങ്ങളുടെ റീഫിൽ സിലിണ്ടർ ലഭിക്കുന്ന സമയത്ത് ചുവടെ ചേർക്കുന്ന ലളിതമായ പരിശോധനകൾ നടത്താം:
സിലിണ്ടറിന്റെ സീൽ പരിശോധിക്കുക.
സുരക്ഷാ ക്യാപ്പ് പരിശോധിക്കുക, ക്യാപ്പിന് വിള്ളലുകൾ ഉണ്ടായിരിക്കാൻ പാടില്ല.
സുരക്ഷാ ക്യാപ്പ് നീക്കം ചെയ്ത് വാൽവിൽ നിന്ന് ചോർച്ചയുണ്ടോയെന്ന് പരിശോധിക്കുക.
സാധാരണയായി സിലിണ്ടർ വാൽവിൽ നിന്ന് ചോർച്ചയുണ്ടായാൽ, നീക്കം ചെയ്യുമ്പോൾ സുരക്ഷാ ക്യാപ്പ് പോപ്പ് ഓഫ് ചെയ്യും. നിങ്ങളുടെ തള്ളവിരൽ സിലിണ്ടർ വാൽവിൽ വച്ച് ഇത് വീണ്ടും സ്ഥിരീകരിക്കാൻ കഴിയും.
അടുപ്പുമായി ബന്ധിപ്പിച്ച് പുതിയ സിലിണ്ടറിൽ നിന്ന് വാതക ചോർച്ച ഇല്ലെന്ന് ഉറപ്പാക്കുക.
പണം നൽകിയ ശേഷം ക്യാഷ് മെമ്മോ / റീഫിൽ വൗച്ചറിന്റെ രണ്ടാമത്തെ പകർപ്പ് ഇവ ഒപ്പിട്ട് നൽകുക.

5) **എന്റെ ഗാർഹിക എൽ.പി.ജി. കണക്ഷൻ സുരക്ഷിതമായി എങ്ങനെ നിലനിർത്താം?**

പതിവ് അറ്റകുറ്റപ്പണിയുടെ ഭാഗമായി ഇനിപ്പറയുന്ന ചട്ടങ്ങൾ പാലിക്കുക.

- ഓരോ പാചകത്തിനും ശേഷം സ്റ്റൗ വൃത്തിയാക്കുക.
- ഇടയ്ക്കിടെ നനഞ്ഞ തുണി ഉപയോഗിച്ച് സുരക്ഷ എൽ.പി.ജി. ഹോസ് വൃത്തിയാക്കുക.
- പാചകം ചെയ്യാത്തപ്പോൾ പ്രഷർ റെഗുലേറ്റർ നോബ് അടച്ചിടുക.
- ബർണർ തണുത്തതിന് ശേഷം ദ്വാരങ്ങൾ വൃത്തിയാക്കുക.

6) **എനിക്ക് എന്തെങ്കിലും സഹായം ആവശ്യമുണ്ടെങ്കിൽ ആരുമായി ബന്ധപ്പെടണം?**

നിങ്ങളുടെ പാചകവാതക വിതരണ കമ്പനിയുടെ ഉപഭോക്തൃ സേവന കേന്ദ്രങ്ങളെയോ കമ്പനി ഉദ്യോഗസ്ഥരെയോ ബന്ധപ്പെടാവുന്നതാണ്. ഓയിൽ കമ്പനി ഉദ്യോഗസ്ഥരെ ബന്ധപ്പെടുന്നതിനുള്ള ഫോൺ നമ്പർ ഏജൻസിയിൽ ലഭ്യമാണ്.

7) **എന്റെ ഗാർഹിക എൽ.പി.ജി. കണക്ഷൻ പരിശോധിക്കേണ്ടതുണ്ടോ?**

ഗാർഹിക പാചകവാതക ഉപകരണങ്ങളുടെ സുരക്ഷാ ഓഡിറ്റ് ഓരോ രണ്ട് വർഷത്തിലൊരിക്കൽ നടത്തണം. നിങ്ങളുടെ പാചകവാതക വിതരണക്കാരന്റെ പരിശീലനം ലഭിച്ച മെക്കാനിക്ക് നിങ്ങളുടെ സ്ഥലത്ത് അത്തരമൊരു പരിശോധന നടത്തുന്നതാണ്. നിങ്ങളുടെ വിതരണക്കാരന് നാമമാത്ര ചാർജുകൾ നൽകേണ്ടതുണ്ട്, ഇതിനായി നിങ്ങൾക്ക് രസീതും നൽകും. അത്തരമൊരു പരിശോധന നടത്തുന്നതിനുള്ള അംഗീകൃത മെക്കാനിക്ക്

എന്നതിന് വിതരണക്കാരൻ നൽകിയിട്ടുള്ള ഒരു തിരിച്ചറിയൽ കാർഡ് അയാളുടെ കൈവശം ഉണ്ടാകും. സംശയമുണ്ടെങ്കിൽ, നിങ്ങൾക്ക് അയാളോട് തിരിച്ചറിയൽ കാർഡ് ആവശ്യപ്പെടാവുന്നതാണ്.

8) **എന്റെ പാചകവാതക കണക്ഷൻ എങ്ങനെ ട്രാൻസ്ഫർ ചെയ്യാം?**

നിങ്ങൾ താമസസ്ഥലം മാറ്റുകയാണെങ്കിൽ, എൽ.പി.ജി. കണക്ഷൻ മാറ്റുന്നതിനായി താഴെപ്പറയുന്ന ഓപ്ഷനുകളിൽ ഏതെങ്കിലും ഒന്ന് നിങ്ങൾക്ക് പിൻതുടരാവുന്നതാണ്.

a) ഒരേ വിതരണക്കാരന്റെ പ്രവർത്തന മേഖലയ്ക്കുള്ളിൽ ആണ് മാറ്റം ആവശ്യമെങ്കിൽ :-

നിങ്ങളുടെ പുതിയ വിലാസം തെളിയിക്കുന്ന രേഖ സഹിതം നിങ്ങളുടെ വിതരണക്കാരനെ വിവരം അറിയിക്കുക. അങ്ങനെ വിതരണക്കാരന്റെ രേഖകളിൽ മാറ്റം വരുത്തുന്നതിനും തുടർന്നുള്ള വിതരണങ്ങൾ നിങ്ങളുടെ പുതിയ താമസ സ്ഥലത്തേക്ക് നടത്തുന്നതിനും സാധിക്കും.

b) ഒരേ പട്ടണത്തിനുള്ളിലാണ് മാറ്റം ആവശ്യമെങ്കിൽ :-

നിങ്ങളുടെ നിലവിലെ വിതരണക്കാരന്റെ സേവനം പുതിയ താമസ സ്ഥലത്ത് ലഭിക്കണമെങ്കിൽ, സബ്സ്ക്രിപ്ഷൻ വൗച്ചറുമായി (എസ്.വി.) നിലവിലുള്ള വിതരണക്കാരൻ മുഖേന പുതിയ താമസ സ്ഥലത്തേയ്ക്ക് ഒരു ട്രാൻസ്ഫർ ടെർമിനേഷൻ വൗച്ചർ (ടി.ടി.വി.) തയ്യാറാക്കി വാങ്ങേണ്ടതാണ്. താമസ സ്ഥലം, ടി.ടി.വി. ഡിജിസിസി ബുക്ക് ലെറ്റ് (ഗാർഹിക ഗ്യാസ് ഉപഭോക്തൃ കാർഡ്) എന്നിവയ്ക്കൊപ്പം നിങ്ങളുടെ പുതിയ താമസസ്ഥലത്തിന് ഏറ്റവും അടുത്തുള്ള പാചകവാതക വിതരണക്കാരനെ സമീപിച്ചാൽ പ്രശ്ന നിവൃത്തി ഉണ്ടാകും.

ഒരേ പട്ടണത്തിനുള്ളിൽ താമസസ്ഥലം മാറുന്ന സാഹചര്യത്തിൽ, കൈവശമുള്ള ഗാർഹിക സിലിണ്ടറും പ്രഷർ റെഗുലേറ്ററും പുതിയ വസതിയിലേക്ക് കൊണ്ടുപോകാവുന്നതാണ്.

c. പട്ടണത്തിന് പുറത്ത് താമസം മാറ്റുമ്പോൾ –

- നിലവിലെ പാചക വാതക ഏജൻസികൾക്ക് സിലിണ്ടർ / റഗുലേറ്റർ എന്നിവ സറണ്ടർ ചെയ്യേണ്ടതായുണ്ട്.
- കൂടാതെ ഗ്യാസ് കൺസ്യൂമർ കാർഡ് ( DGCC) subscription voucher or TSV എന്നിവയും നൽകേണ്ടതുണ്ട്.

- അവിടെ നിന്നും ലഭിക്കുന്ന Termination Voucher (TV)/ ഡിപ്പോസിറ്റ് റീഫണ്ട് തുക ഇവ സഹിതം പുതിയ താമസ സ്ഥലത്തെ ഗ്യാസ് ഏജൻസിയെ സമീപിച്ചാൽ പുതിയ കണക്ഷൻ ലഭിക്കുന്നതാണ്.

9) **ഗാർഹികേതര, അതായത് വാണിജ്യ / വ്യാവസായിക ഉപയോഗത്തിനായുള്ള ഒരു പുതിയ കണക്ഷൻ (19 കിലോ സിലിണ്ടർ) എനിക്ക് എങ്ങനെ ലഭിക്കും?**

വാണിജ്യപരമോ വ്യാവസായികമോ ആയ ഉപയോഗത്തിനായി നിങ്ങൾക്ക് 19 കിലോ അല്ലെങ്കിൽ 47.5 കിലോഗ്രാം ശേഷിയുള്ള സിലിണ്ടറുകളിൽ ഗ്യാസ് കണക്ഷൻ ലഭിക്കുന്നതാണ്.

ഗാർഹികേതര കണക്ഷനുകൾ താഴെപ്പറയുന്ന സുരക്ഷാ നിക്ഷേപ നിരക്കിൽ ലഭിക്കും.
എസ്.സി. വാൽവുള്ള 19 കിലോ സിലിണ്ടർ – ഒരു സിലിണ്ടറിന് Rs. 1700/-
എൽ.ഒ.റ്റി. വാൽവുള്ള 19 കിലോ സിലിണ്ടർ – ഒരു സിലിണ്ടറിന് Rs. 3200/-
എസ്.സി. വാൽവുള്ള 47.5 കിലോ സിലിണ്ടർ– ഒരു സിലിണ്ടറിന് Rs. 4300/-
എൽ.ഒ.റ്റി. വാൽവുള്ള 47.5 കിലോ സിലിണ്ടർ– ഒരു സിലിണ്ടറിന് Rs. 5800/-
എസ്.സി. വാൽവുള്ള 5 കിലോ എൻ.ഡി.എൻ.ഇ.സിലിണ്ടർ –ഒരു സിലിണ്ടറിന് Rs. 800/-
പ്രഷർ റഗുലേറ്റർ (പി.ആർ.)- Rs. 150/-

എക്സ്പ്ലോസീവ് വകുപ്പിന്റെ ചട്ടപ്രകാരം, എക്സ്പ്ലോസീവ് ലൈസൻസില്ലാതെ 100 കിലോഗ്രാം എൽ.പി.ജി. വരെ സിലിണ്ടറുകളിൽ (unconnected cylinders) സൂക്ഷിക്കാം. അതിനാൽ, നിങ്ങളുടെ ആവശ്യകത 100 കിലോഗ്രാം വരെ ആണെങ്കിൽ, നിങ്ങളുടെ വ്യാവസായിക / വാണിജ്യ ഉപയോഗത്തിനായി നിങ്ങളുടെ അടുത്തുള്ള പാചകവാതക ഡീലറിൽ നിന്ന് ഗ്യാസ് കണക്ഷൻ എടുക്കാവുന്നതാണ്.

എന്നിരുന്നാലും, വ്യാവസായിക / വാണിജ്യ ഉപയോഗത്തിനായി എൽ.പി.ജി. യുടെ ഉയർന്ന സംഭരണം ആവശ്യമാണെങ്കിൽ, എൽ.പി.ജി. പൈപ്പ് ലൈനുകളുടെ ഒരു ശൃംഖലയിലൂടെ ഉപയോഗ സ്ഥലത്തേക്ക് എൽ.പി.ജി. വിതരണം ചെയ്യുന്നതിനായി എല്ലാ സിലിണ്ടറുകളും ബന്ധിപ്പിക്കുന്ന ഒരു മാനിഫോൾഡ് ഇൻസ്റ്റാൾ ചെയ്യേണ്ടതുണ്ട്. അത്തരം എൽ.പി.ജി. ഇൻസ്റ്റലേഷനുകളുടെ രൂപകൽപ്പന, ഇൻസ്റ്റലേഷൻ, പരിശോധന, പ്രവർത്തനം എന്നിവ ഐ.എസ്.: 6044 (ഭാഗം 1-2000) ന് അനുസൃതമായിരിക്കണം. എൽ.പി.ജി. മാനിഫോൾഡ് ഇൻസ്റ്റലേഷനുകൾ ആവശ്യമുള്ള വ്യാവസായിക / വാണിജ്യ കണക്ഷനുകൾ സാധാരണയായി ഓയിൽ കമ്പനി ഓഫീസർ നടത്തുന്ന സുരക്ഷാ ഓഡിറ്റിന് ശേഷമാണ് നൽകുക.

ഈ വിഷയത്തിൽ ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങൾക്കും കണക്ഷൻ റിലീസിനും നിങ്ങൾക്ക് അടുത്തുള്ള ഓയിൽ കമ്പനിയുടെ ഏരിയ ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

10) **എന്തുകൊണ്ടാണ് സിലിണ്ടറുകളിൽ ഈർപ്പം കാണപ്പെടുന്നത്?**

സിലിണ്ടറിൽ നിന്നും പുറത്തേക്ക് പോകുന്ന എൽ.പി.ജി. നിരക്ക് സാധാരണയിലും കൂടുതലാണെങ്കിൽ, ഘനീഭവിക്കൽ സംഭവിക്കുകയും സിലിണ്ടറുകളുടെ പുറത്ത് വിയർപ്പ് പോലെ ഈർപ്പം കാണപ്പെടുകയും ചെയ്യും. മാനിഫോർഡിലെ സിലിണ്ടറുകളിൽ പതിവായി ഈർപ്പം കാണുന്നുണ്ടെങ്കിൽ, സിലിണ്ടർ മാനിഫോൾഡ് രൂപകൽപ്പനയുമായി ബന്ധപ്പെട്ടുള്ള നിങ്ങളുടെ എൽ.പി.ജി. ഉപഭോഗ നിരക്ക് പരിശോധിക്കുന്നത് നല്ലതാണ്. നിങ്ങളുടെ സിലിണ്ടർ മാനിഫോൾഡ് ബാങ്ക് വർദ്ധിപ്പിക്കേണ്ടതായും വന്നേക്കാം പ്രശ്ന പരിഹാരത്തിനായി അടുത്തുള്ള ഇൻഡെയ്ൻ ഏരിയ മാനേജറുമായോ ഒരു സാങ്കേതിക ഉപദേഷ്ടാവുമായോ ബന്ധപ്പെടുക.

11) **ബർണർ പോർട്ടിൽ നിന്ന് തീജ്വാല ഉയരുന്നത് എന്തുകൊണ്ട്?**

നിങ്ങളുടെ ബർണർ പോർട്ടിൽ മികച്ച നീല നിറമുള്ള ജ്വാല ലഭിക്കുന്നതിന് എൽ.പി.ജി. യുടെയും വായുവിന്റെയും ശരിയായ മിശ്രിതം ആവശ്യമാണ്. എയർ–എൽ.പി.ജി. മിശ്രിതത്തിന്റെ അസന്തുലിതാവസ്ഥ ഉണ്ടായാൽ അത്തരം കാര്യങ്ങൾ സംഭവിക്കാം. ജ്വലന മിശ്രിതത്തിൽ വായു കൂടുതലാണെങ്കിൽ, ജ്വാല ബർണർ പോർട്ടിൽ നിന്ന് ഉയർന്ന് കാണപ്പെടും. ബർണർ പോർട്ടിൽ ശരിയായ ജ്വലന മിശ്രിതം ഉറപ്പാക്കാൻ നിങ്ങളുടെ ബർണറുകൾക്ക് ചെറിയ അറ്റകുറ്റപ്പണി അല്ലെങ്കിൽ ക്ലീനിംഗ് തുടങ്ങിയവ ആവശ്യമായി വരാം. ആവശ്യമുള്ള റേറ്റിംഗിനേക്കാൾ പ്രഷർ കൂടുതലാണെങ്കിലും, തീജ്വാല പോർട്ടിൽ നിന്ന് ഉയർന്ന് കാണപ്പെടും. പ്രഷർ റെഗുലേറ്ററും പരിശോധിക്കുക.

12) **കേടായ സിലിണ്ടറുകൾ നന്നാക്കുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനുമുള്ള നടപടിക്രമം എന്താണ്?**

ഐ.എസ്. കോഡ് പ്രാക്ടീസ് അനുസരിച്ച് അറ്റകുറ്റപ്പണികൾ ആവശ്യമുള്ള എൽ.പി.ജി. സിലിണ്ടറിന് അതിന്റെ ജീവിത കാലത്തിലൊരിക്കൽ ഹോട്ട് റിപ്പയർ നടത്തുന്നു. ഹോട്ട് റിപ്പയർ ചെയ്ത ഓരോ സിലിണ്ടറും BIS സർട്ടിഫിക്കറ്റ് നൽകുന്നതിനനുസരിച്ച് ഉപയോഗിക്കുന്നു. ഒരു ഹോട്ട് റിപ്പയർ ചെയ്യപ്പെട്ട എൽ.പി.ജി. സിലിണ്ടർ, കേടായതായി കണ്ടെത്തിയാൽ, അത് സ്ക്രാപ്പ് ചെയ്യുന്നതാണ്.

ഓയിൽ കമ്പനികൾ മുകളിൽ പറഞ്ഞവ കർശനമായി പാലിക്കുകയും പുതിയ എൽ.പി.ജി. സിലിണ്ടറുകൾ സ്ക്രാപ്പ് ചെയ്ത സിലിണ്ടറുകൾക്ക് പകരമായി അവതരിപ്പിക്കുകയും ചെയ്യുന്നു.

13) **ഒരു പ്രത്യേക സിലിണ്ടർ പരിശോധനയ്ക്കായി ഷെഡ്യൂൾ ചെയ്യുമ്പോൾ അറിയാൻ കഴിയുമോ?**

എൽ.പി.ജി. സിലിണ്ടറിന്റെ മുകൾഭാഗത്തുള്ള മൂന്ന് സ്റ്റേ പ്ലേറ്റുകളിലൊന്നിൽ (സൈഡ് സ്റ്റെംസ്), A, B, C, D ഇവയിലേതെങ്കിലുമൊന്നും, കൂടാതെ ഏതെങ്കിലും രണ്ടക്ക സംഖ്യയും

ചേർന്നുള്ള ഒരു കോഡ് രേഖപ്പെടുത്തിയിരിക്കും (ഉദാഹരണം D10). ഇതിൽ A എന്നത് മാർച്ച് മാസത്തിൽ അവസാനിക്കുന്ന ആദ്യ പാദവാർഷികത്തെയും, B ജൂൺ മാസത്തിൽ അവസാനിക്കുന്ന രണ്ടാം പാദ വാർഷികത്തെയും, C സെപ്റ്റംബർ മാസത്തിൽ അവസാനിക്കുന്ന മൂന്നാം പാദവാർഷികത്തെയും, D ഡിസംബർ മാസത്തിൽ അവസാനിക്കുന്ന നാലാം പാദവാർഷികത്തെയും സൂചിപ്പിക്കുന്നു. സ്റ്റാറ്റ്യൂട്ടറി ടെസ്റ്റിംഗിനായി സിലിണ്ടർ വരേണ്ട വർഷത്തേയാണ് ആ രണ്ട് അക്കങ്ങൾ സൂചിപ്പിക്കുന്നത്. അതിനാൽ D10 എന്നതുകൊണ്ട് അർത്ഥമാക്കുന്നത് 2010 ഡിസംബറോടെ ആ സിലിണ്ടർ അടുത്ത സ്റ്റാറ്റ്യൂട്ടറി ടെസ്റ്റിംഗിനായി എടുക്കേണ്ടതാണ് എന്നാണ്.

എന്തായാലും, ഇത് സിലിണ്ടറിന്റെ ഫിസിക്കൽ ലൈഫിന്റെ EXPIRY തീയതിയല്ല. ഓരോ ശൂന്യമായ എൽ.പി.ജി. സിലിണ്ടറും വിതരണക്കാരനിൽ നിന്ന് ബോട്ടിലിംഗ് പ്ലാന്റിലേക്ക് വരുമ്പോൾ, സ്റ്റാറ്റ്യൂട്ടറി ടെസ്റ്റിംഗിനായി നിശ്ചയിച്ചിട്ടുള്ള തീയതി ഉൾപ്പെടെ അതിന്റെ അവസ്ഥ പരിശോധിക്കുകയും, പരിശോധനയ്ക്കുള്ള സിലിണ്ടറുകൾ വേർതിരിച്ച് പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്യുന്നു.

എൽ.പി.ജി. നിറച്ചതിനുശേഷം ഓരോ സിലിണ്ടറും വിതരണക്കാരിലേക്ക് അയയ്ക്കുന്നതിന് മുമ്പ് അതിന്റെ ഭാരം, കൃത്യത എന്നിവ പരിശോധിക്കുന്നു. സുരക്ഷിതമായ സിലിണ്ടറുകൾ മാത്രമേ വിതരണത്തിനായി ഞങ്ങളുടെ വിതരണക്കാർക്ക് അയച്ചിട്ടുള്ളൂവെന്ന് ഉറപ്പാക്കുന്നുണ്ട്. 2010 ജൂണിൽ ഒരു ഉപഭോക്താവിന് B10 എന്ന് അടയാളപ്പെടുത്തിയ ഒരു സിലിണ്ടർ ലഭിക്കുകയാണെങ്കിൽ, സിലിണ്ടറിന്റെ ഫിസിക്കൽ ലൈഫ് കാലഹരണപ്പെട്ടുവെന്ന് ഇത് സൂചിപ്പിക്കുന്നില്ല. മറിച്ച് 2010 ജൂൺ അവസാനത്തോടെ ഈ സിലിണ്ടർ സ്റ്റാറ്റ്യൂട്ടറി ടെസ്റ്റിംഗിന് വിധേയമാക്കണമെന്നാണ് ഇതിനർത്ഥം.

14) **എന്റെ ബുക്കിംഗിന്റെ തൊട്ടടുത്ത ദിവസത്തിലും സമയത്തിലും എനിക്ക് ഒരു സിലിണ്ടർ ലഭിക്കുമോ?**

നിങ്ങളുടെ റീഫിൽ സിലിണ്ടർ ലഭിക്കുന്ന സമയത്ത് ലളിതമായ ചില പരിശോധനകൾ നടത്താവുന്നതാണ്. എൽ.പി.ജി. സിലിണ്ടറുകൾ സബ്സിഡിയുള്ളവയാണ്. അതിനാൽ ആദ്യം വരുന്നവർക്ക് ആദ്യം നൽകുക എന്ന അടിസ്ഥാനത്തിലാണ് വിതരണം ചെയ്യുന്നത്. അതിനാൽ ആ ക്രമം തെറ്റിച്ചുകൊണ്ട് നിങ്ങൾക്ക് സിലിണ്ടർ ലഭിക്കില്ല. നിങ്ങളുടെ ബുക്കിംഗിന്റെ ക്രമം അനുസരിച്ചുള്ള അടുത്ത ദിവസത്തിലും സമയത്തിലും നിങ്ങൾക്ക് ലഭിക്കും. ഉദാഹരണത്തിന്, നിങ്ങൾ 8 AM മുതൽ 11 AM വരെയുള്ള സ്ലോട്ടിലെ preferred time ഉപഭോക്താവാണെന്നും, ജൂൺ 1 ശനിയാഴ്ച നിങ്ങൾ ബുക്ക് ചെയ്തിട്ടുണ്ടെന്നും കരുതുക. എന്നാൽ അന്ന് മെയ് 25 നുള്ള സിലിണ്ടറുകൾ വിതരണക്കാരൻ വിതരണം ചെയ്യുകയായിരുന്നു. നിങ്ങളുടെ ക്രമം ആയത് ജൂൺ 5 ബുധനാഴ്ച ആണെങ്കിൽ, അതേ ബുധനാഴ്ച രാവിലെ 8 നും 11 നും ഇടയിൽ നിങ്ങൾക്ക് സിലിണ്ടർ ലഭിക്കും. എന്നിരുന്നാലും നിങ്ങൾ തിങ്കളാഴ്ച preferred day and time ഉള്ള ഒരു ഉപഭോക്താവാവുകയും, ജൂൺ 5 ബുധനാഴ്ച നിങ്ങളുടെ ബുക്കിംഗനുസരിച്ചുള്ള

ക്രമം ആകുകയും ചെയ്യുകയാണെങ്കിൽ, നിങ്ങൾക്ക് സിലിണ്ടർ ജൂൺ 10, തിങ്കളാഴ്ച മാത്രമേ ലഭിക്കൂ.

15) **രജിസ്ട്രേഷന് ശേഷം ഏത് ദിവസത്തിലും ഏത് സമയത്തും സിലിണ്ടർ ലഭ്യമാക്കാൻ എനിക്ക് ഓപ്ഷൻ ഉണ്ടോ?**

ഇല്ല. നിങ്ങൾ ഒരു preferred day and time ഉപഭോക്താവായിക്കഴിഞ്ഞാൽ നിങ്ങൾ ഇതിനകം തിരഞ്ഞെടുത്ത സമയം/ദിവസം എന്നിവയിൽ മാത്രമേ നിങ്ങൾക്ക് സിലിണ്ടറുകൾ ലഭിക്കുകയുള്ളൂ.

16) **രജിസ്ട്രേഷന് ശേഷം ഈ സൗകര്യം ലഭ്യമാക്കുന്നതിൽ നിന്ന് എനിക്ക് പിന്മാറാൻ കഴിയുമോ?**

വിതരണക്കാരന് നേരിട്ടോ അല്ലെങ്കിൽ വെബ് സൈറ്റ് വഴിയോ ഒരു അപേക്ഷ സമർപ്പിച്ചുകൊണ്ട് നിങ്ങൾക്ക് രജിസ്ട്രേഷനിൽ നിന്നും പിന്മാറാൻ കഴിയും.

17) **എന്റെ രജിസ്ട്രേഷന്റെ സാധുത കാലയളവ് എന്താണ്**?

രജിസ്ട്രേഷൻ ഒറ്റ തവണയാണ്. എന്നാൽ ആറുമാസത്തിനുശേഷം നിങ്ങൾക്ക് ഇഷ്ടമുള്ള ദിവസവും സമയവും മാറ്റാൻ കഴിയും. നിങ്ങൾ മാറ്റുകയോ രജിസ്റ്റർ ചെയ്യുകയോ ചെയ്യുമ്പോൾ, സിസ്റ്റത്തിൽ ഇത് സ്വീകരിക്കുന്നതിന് പരമാവധി 48 മണിക്കൂർ എടുത്തേക്കാം.

18) **തിരഞ്ഞെടുത്ത തീയതിയിൽ വിതരണം സാധ്യമാണോ?**

നിലവിൽ ഈ സൗകര്യം ഇഷ്ടപ്പെട്ട ദിവസത്തിന് മാത്രമുള്ളതാണ്, ഇഷ്ടപ്പെട്ട തീയതിക്കായി പ്രത്യേക ബുക്കിംഗ് സാധ്യമല്ല.

19) **എന്റെ കണക്ഷൻ എങ്ങനെ എന്റെ മകന് കൈമാറും?**

കുടുംബത്തിലെ അംഗത്തിലേക്ക് കണക്ഷൻ കൈമാറുന്നത് ഇപ്പോൾ അനുവദനീയമാണ്. കൈമാറ്റം ചെയ്യപ്പെടേണ്ട കുടുംബാംഗത്തിന് എൽ.പി.ജി. കണക്ഷൻ ഇല്ലെങ്കിൽ, നിങ്ങളുടെ വിതരണക്കാരന് താഴെപ്പറയുന്നവയ്ക്കൊപ്പം ഒരു അപേക്ഷ നൽകുക.

a. കൈമാറ്റം ചെയ്യപ്പെടേണ്ട കുടുംബാഗത്തിന്റെ KYC
b. വിലാസം, ഐഡന്റിറ്റി എന്നിവ തെളിയിക്കുന്നതിനുള്ള രേഖകളിലൊന്ന്.
c. നിങ്ങളുടെ പേരിലുള്ള ഒറിജിൽ സബ്സ്ക്രിപ്ഷൻ വൗച്ചർ (എസ്.വി.) (എസ്.വി. കൈവശമില്ലെങ്കിൽ ദയവായി സത്യവാങ്മൂലം നൽകുക)
d. കൈമാറ്റം ചെയ്യപ്പെടേണ്ട അംഗത്തിൽ നിന്നും ഡിക്ലറേഷൻ

KYC പരിശോധിക്കുന്നതാണ്. കൈമാറ്റത്തിനായി സൂചിപ്പിച്ച വിലാസത്തിൽ ഒന്നിലധികം കണക്ഷനുകളുണ്ടോയെന്ന് പരിശോധിക്കുകയും, വിതരണക്കാരൻ ഒരു പുതിയ

സബ്സ്ക്രിപ്ഷൻ വൗച്ചർ തയ്യാറാക്കുകയും ചെയ്യുന്നതാണ്. സുരക്ഷാ നിക്ഷേപം യഥാർത്ഥ എസ്.വി. യിൽ ഉള്ളതുപോലെ തന്നെ തുടരും.

20) **ഞാൻ മരണപ്പെട്ട എന്റെ പിതാവിന്റെ നിയമപരമായ അവകാശിയാണ്. അദ്ദേഹത്തിന്റെ പേരിലുള്ള എൽ.പി.ജി. കണക്ഷൻ എങ്ങനെ എനിക്ക് കൈമാറാം?**

നിയമപരമായ അവകാശിയിലേക്കുള്ള കണക്ഷൻ കൈമാറ്റം ഇപ്പോൾ ലളിതമാക്കിയിട്ടുണ്ട്. നിയമപരമായ അവകാശിക്ക് ഒരു എൽ.പി.ജി. കണക്ഷൻ ഇല്ലെങ്കിൽ, താഴെപ്പറയുന്നവയ്ക്കൊപ്പം ഒരു അപേക്ഷ നിങ്ങളുടെ വിതരണക്കാരന് നൽകുക:

a. നിയമപരമായ അവകാശിയുടെ ഡിക്ലറേഷൻ
b. മരണ സർട്ടിഫിക്കറ്റിന്റെ പകർപ്പ്
c. നിയമപരമായ അവകാശിയുടെ KYC
d. വിലാസം, ഐഡന്റിറ്റി എന്നിവ തെളിയിക്കുന്നതിനുള്ള രേഖ.
e. മരണപ്പെട്ടയാളുടെ പേരിലുള്ള ഒറിജിനൽ സബ്സ്ക്രിപ്ഷൻ വൗച്ചർ (എസ്.വി.)
   (എസ്.വി. കാണുന്നില്ലെങ്കിൽ ദയവായി സത്യവാങ്മൂലം നൽകുക.)

KYC പരിശോധിക്കുന്നതാണ്. കൈമാറ്റത്തിനായി സൂചിപ്പിച്ച വിലാസത്തിൽ ഒന്നിലധികം കണക്ഷനുകളുണ്ടോയെന്ന് പരിശോധിക്കുകയും, വിതരണക്കാരൻ ഒരു പുതിയ സബ്സ്ക്രിപ്ഷൻ വൗച്ചർ തയ്യാറാക്കുകയും ചെയ്യുന്നതാണ്. സുരക്ഷാ നിക്ഷേപം യഥാർത്ഥ എസ്.വി. യിൽ ഉള്ളതുപോലെ തന്നെ തുടരും.